# Sodium valproate

പേര് (Generic) : സോഡിയം  വാൽപ്രൊവേറ്റ്  ( Sodium Valproate)

Common Brand Names : Depakote, Dicorate, Torvate chrono

General category: Mood stabilizer, Anti epileptic

### ചരിത്രം :

1949 മുതൽ അപസ്മാരരോഗ ചികിത്സക്ക് ഉപയോഗിച്ചുവന്നിരുന്ന ഈ മരുന്ന് , ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടം മുതൽ മാനസികരോഗചികിത്സക്കു കൂടി ലോകവ്യാപകമായി ഉപയോഗിച്ചു വരുന്നു.. വിഷാദാവസ്ഥയും ഉന്മാദാവസ്ഥയും മാറിമാറി വരുന്ന രോഗങ്ങളിൽ ഈ മരുന്ന് ദീർഘകാലരോഗശാന്തി നൽകുന്നു. ഈ മരുന്ന് ജെനെറിക് ആയി ലഭ്യമാണ്. നിരവധി കമ്പനികൾ ഇത് വ്യത്യസ്ത പേരുകളിൽ മാർക്കറ്റിൽ ലഭ്യമാക്കുന്നു.

### പ്രധാന ഉപയോഗം എന്താണ് ?

വിഷാദവും ഉന്മാദവും മാറിമാറി വരുന്ന രോഗങ്ങളിൽ , ഉന്മാദരോഗ ചികിത്സക്ക് ഈ മരുന്ന് ഉപയോഗിക്കുന്നു. . കൂടാതെ അപസ്മാര രോഗം , മൈഗ്രൈൻ പോലെയുള്ള തലവേദനകൾ തുടങ്ങിയവയുടെ ചികിത്സക്കും ഈ മരുന്ന് ഉപയോഗിക്കുന്നു. .

കടുത്ത വികാരാവസ്ഥകൾ മാറിമാറി വരുന്നവരിൽ വികാരസ്ഥിരത നൽകുന്നു. പെരുമാറ്റവും പ്രവർത്തികളും സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

### എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു. ചിന്തകളുടേയും വികാരങ്ങളുടേയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മനസികാവസ്ഥയെ സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

### കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. ഹൃദയ രോഗങ്ങൾ ഉള്ളവർ ഇക്കാര്യം ചർച്ച ചെയ്യണം. കുട്ടികളിലും പ്രായമായവരിൽ അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം . കരൾ രോഗങ്ങൾ ഉള്ളവരിൽ ഈ മരുന്ന് ഉപയോഗിക്കാനുള്ള സാദ്ധ്യത കുറവാണ്.

### ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും

© Institute for Mind and Brain (Inmind), Thrissur: 04884239000.

ഡോക്ടർ  വിശകലനം ചെയ്യും. കരൾ രോഗങ്ങൾ ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ  പ്രത്യേക പരിശോധനകൾ ആവശ്യമായി വരാം.

### ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത്  ഒട്ടും അഭികാമ്യമല്ലാത്തതു  എപ്പോൾ?

1. മരുന്നിനോട്  പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. കരളിന്റെ പ്രവർത്തനത്തിൽ കാര്യമായ തകരാർ ഉണ്ടെങ്കിൽ.
3. ഗർഭിണികളിൽ.

### മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

ഗുളിക, ദിവസേന 400mg - 600mg ഡോസിൽ  ആണ് സാധാരണ തുടങ്ങാറുള്ളത്. രോഗാവസ്ഥയനുസരിച്ചു 1000mg മുതൽ 2000mg ഡോസ് വരെ കൊടുക്കാ

### ഈ മരുന്ന് ഏതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലാണ് ഈ മരുന്ന് സാധാരണ ലഭിക്കാറുള്ളത്. ദ്രാവക രൂപത്തിലും ലഭ്യമാണ് .

### സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഒരു നേരമോ രണ്ടു നേരമോ ആയി കഴിക്കാം. ഭക്ഷണത്തിന്റെ  കൂടെയോ  അല്ലാതെയോ കഴിക്കാം.

### സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

പലപ്പോഴും യാതൊരു വിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല. ക്ഷീണം, മുടികൊഴിച്ചിൽ, വിറയൽ, വിശപ്പുകൂടൽ, നെഞ്ച് എരിച്ചിൽ, ശരീരഭാരം വർദ്ധിക്കൽ എന്നിവ ഉണ്ടായേക്കാം.

### ഡോക്ടറെ ഉടൻ  അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

വളരെ അപൂർവ്വമായി കാണുന്ന ചില പ്രയാസങ്ങൾ ആണിവ. അപൂർവ്വം എങ്കിലും അപകടകരമായതിനാൽ ഇവ എടുത്തു പറയുന്നു എന്ന് മാത്രം.

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ.
2. കടുത്ത  ക്ഷീണം, വയറുവേദന, കണ്ണിൽ മഞ്ഞ നിറം , വർധിക്കുന്ന ആശയകുഴപ്പം, പനി, ഛർദ്ദി.
3. മുറിവ് പറ്റിയാൽ രക്തം കൂടുതൽ പോകുക, തോലിപുറത്തു രക്തം കട്ടപിടിച്ച പാടുകൾ ഉണ്ടാവുക.
4. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക്  അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ കണ്ടാൽ  ഉടൻ ഡോക്ടറെ കാണുക. ഇത് മരുന്നിനോടുള്ള അലർജി ആവാം.

ഇത്തരം പ്രയാസങ്ങൾ കണ്ടാൽ മരുന്ന് നിർത്തി ഉടനെ തന്നെ ഡോക്ടറുമായി ബന്ധപ്പെടണം.

© Institute for Mind and Brain (Inmind), Thrissur: 04884239000.

## സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ ( ക്ഷീണം, വിറയൽ, വിശപ്പുകൂടൽ, നെഞ്ച് എരിച്ചിൽ) എന്നിവ കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപ്പെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ശരീരഭാരം വർദ്ധിക്കുന്നത് തടയാൻ നിത്യേന വ്യായാമം ശീലമാക്കുക. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം .

## മറ്റു മരുന്നുകൾ കഴിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം ?

പൊതുവിൽ ഈ മരുന്ന് മറ്റു മരുന്നുകളോടൊപ്പം സുരക്ഷിതമായി കഴിക്കാം. എങ്കിലും ചില മരുന്നുകൾ രക്തത്തിലെ സോഡിയം വാൽപ്രൊവേറ്റിന്റെ അളവിൽ വ്യതിയാനം വരുത്തുന്നു. തിരിച്ചും സംഭവിക്കാം. താഴെ പറയുന്ന മരുന്നുകൾ കഴിക്കേണ്ടി വരുകയാണെങ്കിൽ നിങ്ങളുടെ ഡോക്ടറെ അറിയിക്കണം.

1. ആസ്പിരിൻ (Aspirin).
2. മറ്റു അപസ്മാരചികിത്സാ മരുന്നുകൾ.
3. മാനസിക രോഗ ചികിത്സക്ക് ഉപയോഗിക്കുന്ന Lamotrigine, Bupropion തുടങ്ങിയ മരുന്നുകൾ.

## ഗർഭിണികൾക്ക് കഴിക്കാമോ ?

ഈ മരുന്ന് ഗർഭകാലത്ത്, പ്രത്യേകിച്ച് ആദ്യ മൂന്നുമാസം കഴിക്കാൻ പാടില്ല. ഗർഭസ്ഥ ശിശുവിന്റെ അവയവങ്ങൾ രൂപപ്പെടുന്നതിൽ പ്രയാസങ്ങൾ ഉണ്ടായേക്കാം എന്നുള്ളതുകൊണ്ടാണിത്. ഗർഭിണിയാകാൻ സാധ്യതയുണ്ടെങ്കിൽ ഡോക്ടറെ അത് അറിയിക്കേണ്ടതാണ്. മുപ്പതു വയസ്സിൽ താഴെയുള്ള സ്ത്രീകളിൽ സാധാരണ ഈ മരുന്ന് തുടങ്ങാറില്ല. ' Polycystic ovarian syndrome ' എന്ന അവസ്ഥ ഉണ്ടാക്കുവാനും ഗർഭധാരണത്തെ അത് പ്രതികൂലമായി ബാധിക്കാനും സാധ്യതയുള്ളതുകൊണ്ടാണത്.

## പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വന്നേക്കാം . കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ നോക്കി ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് കഴിക്കുക.

## കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മദ്യപാനവും പുകവലിയും ഒഴിവാക്കണം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക. പ്രമേഹം ഉള്ളവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടുതൽ ശ്രദ്ധിക്കണം. ഈ മരുന്ന് കഴിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റെന്തെങ്കിലും ചികിത്സ കൂടുതലായി എടുക്കുകയാണെങ്കിൽ നിങ്ങളുടെ സൈക്യാട്രിസ്റ്റിനെയും അത് അറിയിക്കണം. കരളിന്റെ പ്രവർത്തനം വർഷത്തിൽ ഒരിക്കലെങ്കിലും പരിശോധിക്കണം.

## മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

© Institute for Mind and Brain (Inmind), Thrissur: 04884239000.

## എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത് . ഇത് രോഗം വീണ്ടും പ്രത്യക്ഷപ്പെടുവാൻ ഇടയാക്കിയേക്കാം . ചിലപ്പോൾ കൂടുതൽ കാലം കഴിക്കേണ്ടി വന്നേക്കാം. മാനസിക പ്രശ്നങ്ങൾ വീണ്ടും വരാതിരിക്കാൻ നീണ്ട കാലം കഴിക്കുന്നവരുണ്ട്. . ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക.

## ഈ മരുന്ന് ഉപയോഗിക്കുന്നവർ ഇതിനു ' അഡിക്റ്റ്ഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി ഇതിനു 'അഡിക്റ്റ്ഡ്' ആകുവാൻ സാദ്ധ്യതയില്ല എന്നത് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. എങ്കിലും ഈ മരുന്ന് നിർത്തുന്നത് ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

## ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.